**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.718** | **11/03/2015-ൽ മറുപടിക്ക്**

## കുണ്ടറ മണ്ഡലത്തിലെ കിഡ്നി, ക്യാൻസർ രോഗബാധിതർ

**ചോദ്യം**

ശ്രീ. എം എ ബേബി

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കുണ്ടറ മണ്ഡലത്തിലും സമീപ പ്രദേശങ്ങളിലും അടുത്തകാലത്തായി കിഡ്നി, ക്യാൻസർ രോഗബാധിതരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ നാളിതുവരെ എന്തെങ്കിലും നടപടികൾ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന 'അമൃതം' ആരോഗ്യപദ്ധതിയിലൂടെ ജീവിതശൈലി രോഗങ്ങൾക്കായുള്ള നിർണ്ണയ പരിശോധനകളും, ചികിത്സയും മരുന്നു വിതരണവും നടന്നു വരുന്നു. ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ എല്ലാ വർഷവും ഗ്രാമപ്രദേശങ്ങൾ കേന്ദ്രീകരിച്ച് നടന്നുവരുന്നു. കൊല്ലം നീണ്ടകരയിലും, പുനലൂർ താലൂക്ക് ആശുപത്രിയിലും ക്യാൻസർ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ശയ്യാവലംബരായ രോഗികളെ പരിചരിക്കുവാൻ പാലിയേറ്റീവ് കെയർ പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (സി) | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സമഗ്രമായ ഒരു പഠനം നടത്തി അടിയന്തിര നടപടി സ്വീകരിക്കുമോ ? | (സി) | |

സെക്ഷൻ ഓഫീസർ